പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3036** **20/06/2014**-ൽ മറുപടിക്ക്

പത്മനാഭപുരം കൊട്ടാരത്തിലെ പുന:രുദ്ധാരണ പ്രവൃത്തികൾ

ചോദ്യം

ശ്രീ. എ. എ. അസീസ് :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ലോക പൈതൃക സ്മാരകങ്ങളുടെ പട്ടികയിലുൾപ്പെട്ട തക്കല പത്മനാഭപുരം കൊട്ടാരത്തിൽ എന്തൊക്കെ പുന:രുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ; | (എ) | പത്മനാഭപുരം കൊട്ടാരത്തിലെ ഇന്ദ്ര വിലാസം മാളിക, നടമാളിക, അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണപ്പണികൾ ഇപ്പോൾ നടന്നു വരുന്നു. കൂടാതെ കൊട്ടാരത്തിലെ ദാരു ശില്പങ്ങളുടെ ശാസ്ത്രീയ സംരക്ഷണപ്പണികൾക്കായി 3 ലക്ഷം രൂപയുടെ പണികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഗ്യാലറികൾ നവീകരിക്കുന്നതിനായി 28 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പരിസര വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പണികൾ നടന്നു വരുന്നു. പുരാവസ്തുവകുപ്പിന്റെ എല്ലാ മ്യൂസിയങ്ങളിലും മ്യൂസിയങ്ങളുടെ വിവരങ്ങൾ അടങ്ങിയ ബ്രോഷർ സൗജന്യമായി നൽകുന്നുണ്ട്. ഇത് പത്മനാഭപുരം കൊട്ടാരം ഉൾപ്പെടെയുള്ള എല്ലാ മ്യൂസിയങ്ങളിലേയ്ക്കും സന്ദർശകരെ ആകർഷിക്കുന്നതിന് സഹായിക്കും |

Saradadevi

സെക്ഷൻ ഓഫീസർ